പത്രകുറിപ്പ്

## ഇൻഡ്യൻ തെരഞ്ഞെടുപ്പ് കമ്മീഷൻ

### ബൂത്ത്തല ഉദ്യോഗസ്ഥൻമാരുടെ നിയമനം

രാജ്യത്തെ വോട്ടർ പട്ടികകൾ ശുദ്ധീകരിക്കുന്നതിനായി ഇൻഡ്യൻ തെരഞ്ഞെടുപ്പ് കമ്മീഷൻ എടുത്തുവരുന്ന നടപടികളുടെ ഭാഗമായി വോട്ടർ പട്ടികയിൽ പേര് ചേർക്കുക, തിരുത്തലുകൾ വരുത്തുക, സ്ഥലം മാറ്റുക, പേര് നീക്കം ചെയ്യുക തുടങ്ങിയ കാര്യങ്ങൾക്ക് വോട്ടർമാരെ സഹായിക്കാൻ പോളിംഗ്ബൂത്ത് തലത്തിൽ ഉദ്യോഗസ്ഥരെ നിയോഗിക്കുന്നുണ്ട്. താഴെ പറയുന്ന നിബന്ധനകൾ പാലിക്കുന്നതും അത്യാവശ്യ സർവ്വീസുകളായ ആരോഗ്യം, പോലീസ്, എക്സൈസ്, ജലവിതരണം, വൈദ്യുതി, സെയിൽസ് ടാക്സ് തുടങ്ങിയ വകുപ്പുകൾ ഒഴികെയുള്ള സർക്കാർ വകുപ്പുകളിലെയും, പൊതുമേഖലാ സ്ഥാപനങ്ങളിലേയും, തദ്ദേശഭരണ സ്ഥാപനങ്ങളിലേയും ഉദ്യോഗസ്ഥരെ മാത്രമേ ബൂത്ത്തല ഉദ്യോഗസ്ഥരായി നിയോഗിക്കുകയുള്ളൂ.

1. ബി.എൽ.ഒ ആയി നിയോഗിക്കപ്പെടുന്ന ഉദ്യോഗസ്ഥൻ/ ഉദ്യോഗസ്ഥ അതേ സ്ഥലത്ത് താമസിക്കുന്നയാളും നിയോഗിക്കപ്പെടുന്ന ബൂത്തിലെ വോട്ടറുമായിരിക്കണം.
2. ഉദ്യോഗസ്ഥൻ/ഉദ്യോഗസ്ഥ ഏതെങ്കിലും രാഷ്ട്രീയപാർട്ടിയിൽ അംഗമോ, പ്രവർത്തകനോ/പ്രവർത്തകയോ വ്യക്തമായ രാഷ്ട്രീയ ചായ്‌വ് ഉള്ളവരോ ആകരുത്.

താല്പര്യമുള്ള ഉദ്യോഗസ്ഥർ അവരുടെ അപേക്ഷകൾ ചീഫ് ഇലക്ടറൽ ഓഫീസറുടെ വെബ്സൈറ്റിൽ ഓൺലൈനായി (online) സമർപ്പിക്കേണ്ടതാണ്. അപേക്ഷ സമർപ്പിച്ച ശേഷം കമ്പ്യൂട്ടറിൽ തയ്യാറായി ലഭിക്കുന്ന രസീത് പ്രിന്റ് ചെയ്തെടുത്ത് (printout) സൂക്ഷിക്കേണ്ടതാണ്. തെരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗസ്ഥരെ ആ വിവരം ബന്ധപ്പെട്ട താലൂക്ക് ഓഫിസിൽ നിന്ന് അറിയിക്കുന്നതാണ്. അറിയിപ്പ് ലഭിക്കുന്നവർ പ്രിന്റ് ചെയ്ത രസീത്, ഉദ്യോഗസ്ഥനാണെന്ന് തെളിയിക്കുന്നതിന് ഓഫീസ് മേധാവിയിൽ നിന്ന് ലഭിച്ചിട്ടുള്ള സർട്ടിഫിക്കറ്റ് എന്നിവ സഹിതം ബന്ധപ്പെട്ട തഹസിൽദാരെ (ERO- തെരഞ്ഞെടുപ്പ് രജിസ്ട്രേഷൻ ഓഫീസർ) സമീപിച്ച് നിയമന ഉത്തരവ് വാങ്ങേണ്ടതാണ്. ബി.എൽ.ഒ ആയി നിയോഗിക്കപ്പെടുന്നവർക്ക് പ്രതിവർഷം 3000 രൂപ ഹോണറേറിയം നൽകുന്നതാണ്. ചീഫ് ഇലക്ടറൽ ഓഫീസറുടെ വെബ്സൈറ്റ് വിലാസം : www.ceo.kerala.gov.in

ചീഫ് ഇലക്ടറൽ ഓഫീസർ

തിരുവനന്തപുരം
29/9/2010